കൃഷിയെ ഒരു വ്യവസായമായി അംഗീകരിക്കുവാൻ നടപടി

45 [5499] ശ്രീ. ഇ. എം. അഗസ്തി:
,, കെ. അച്യുതൻ:
ശ്രീമതി. മേഴ്സി രവി:
ശ്രീ. ഡി. സുഗതൻ:
,, കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിയെ ഒരു വ്യവസായമായി അംഗീകരിക്കുവാൻ ഉദ്ദേശ്യം ഉണ്ടോ;

(ബി) പുതിയ സാങ്കേതിക വിദ്യകളുപയോഗിച്ച് കൃഷിയിറക്കി ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്ന കാര്യത്തിൽ ഗവൺമെന്റ് എന്തെല്ലാം വിധത്തിലുള്ള ഉപദേശങ്ങളും സഹായങ്ങളും കർഷകർക്ക് നൽകുന്നുണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഇക്കാര്യം ആലോചനയിലില്ല.

(ബി) ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

(1) ബയോ ടെക്നോളജി സാങ്കേതികവിദ്യയുടെ ഉപയോഗത്തിലൂടെ ടിഷ്യൂകൾച്ചറൽ മുഖേന നല്ലയിനം നടീൽ വസ്തുക്കൾ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നു.

(2) ബയോ കൺട്രോൾ ഏജന്റുകൾ ഉൽപ്പാദിപ്പിച്ച് കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിന് കർഷകർക്ക് ഉപദേശങ്ങളും സഹായങ്ങളും ലഭ്യമാക്കുക.

(3) ജീവാണുവളങ്ങളും ജൈവകീടനാശിനികളും പ്രോൽസാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(4) കൃഷിക്ക് ജലത്തിന്റെ ഉപയോഗം കുറയ്ക്കുന്നതിന് ജലം കുറവായ പ്രദേശങ്ങളിൽ കൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി ഡ്രിപ്സ്, സ്പ്രിംഗ്ളർ തുടങ്ങിയ ജലസേചന രീതികൾ പ്രോൽസാഹിപ്പിക്കുന്നു.

(5) പച്ചക്കറി, നെല്ല്, കുരുമുളക് എന്നീ വിളകൾക്ക് ജൈവകൃഷി പ്രോൽസാഹിപ്പിക്കുന്നതിനുള്ള സഹായം.

(6) കമ്പ്യൂട്ടറിന്റെ സഹായത്തോടെ കർഷകർക്ക് നൂതന കൃഷിയെകുറിച്ച് മനസ്സിലാക്കുന്നതിനുള്ള സംവിധാനം ചെയ്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(7) ഗ്രീൻഹൗസ് ടെക്നോളജി ഉപയോഗിച്ച് കൃഷി ചെയ്യുന്നതിനുള്ള സഹായം.

(8) വിളകളുടെ ഇലയുടെ പരിശോധന നടത്തി ശാസ്ത്രീയമായ വളപ്രയോഗവും മറ്റുപരിചരണ മാർഗ്ഗങ്ങളും നടത്തുന്നതിനുള്ള സഹായം.

(9) ഓരോ കൃഷിക്കാരനും തന്റെ ഭൂമിക്കനുയോജ്യമായ കൃഷിയും കൃഷിരീതിയും അവലംബിച്ച് കൂടുതൽ ഉൽപ്പാദനക്ഷമത കൈവരിക്കാൻ പ്രാപ്തനാക്കാൻ സഹായിക്കുന്നതിനായി മേൽപ്പറഞ്ഞ വിവരങ്ങൾ കാണിക്കുന്ന പഞ്ചായത്തുതല സോയിൽ മാപ്പിംഗ് എല്ലാ ജില്ലകൾക്കും തയ്യാറാക്കുന്നതിന് കൃഷി വകുപ്പും സോയിൽ സർവേ വിഭാഗവും കാർഷിക സർവ്വകലാശാലയും ഭൂവിനിയോഗ ബോർഡും സംയുക്തമായി നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(10) ഗവേഷണങ്ങളിലൂടെ ഉരുത്തിരിയുന്ന പുത്തൻ സാങ്കേതിക അറിവുകൾ കൃഷിക്കാരിലെത്തിക്കുന്നതിനായി ഗ്രൂപ്പ് അടിസ്ഥാനത്തിൽ വകുപ്പുദ്യോഗസ്ഥർ കർഷകരെ സന്ദർശിക്കുന്ന പരിപാടി നടപ്പാക്കുന്നുണ്ട്. 151 ഇൻഫർമേഷൻ സെന്ററുകളിൽ നൂതന കൃഷി സങ്കേതങ്ങളെക്കുറിച്ച് അറിവ് നൽകുന്നതിനായി സൗകര്യമൊരുക്കിയിട്ടുണ്ട്. ഈ ഉദ്ദേശ്യത്തോടെ ജില്ലാതലത്തിൽ രണ്ടും സംസ്ഥാനതലത്തിൽ ഒന്നും വീതം ഇന്റർഫേസുകൾ നടത്താനും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കാർഷിക സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിന് നടപടി

46 [5500] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ കീഴിൽ കാർഷിക രംഗത്ത് പ്രവർത്തിക്കുന്ന യുവാക്കളെ ഉൾപ്പെടുത്തി സഹകരണസംഘങ്ങൾ രൂപീകരിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഇപ്പോൾ നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; ഇല്ലെങ്കിൽ ഇത്തരം സഹകരണസംഘങ്ങൾക്ക് രൂപം നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇപ്പോൾ ഇത്തരം സഹകരണ സംഘങ്ങൾ രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly